**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5392** **12-08-2021 - ൽ മറുപടിയ്ക്ക്**

**സഹകരണ സംരംഭകത്വം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. റോജി എം. ജോൺ** | | **Shri. V. N. Vasavan**<br>**(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സഹകരണ സംരംഭകത്വം വഴി തൊഴിൽ സൃഷ്ടിക്കുന്ന പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (എ) | സംസ്ഥാനത്തെ ഓരോ ജില്ലകളിലും ഉത്പാദന ക്ലസ്റ്ററുകൾ സ്ഥാപിച്ച് സഹകരണ മേഖലയെ വികസിപ്പിക്കുക എന്ന ഉദ്ദേശത്തോടു കൂടിയാണ് സഹകരണ സംരംഭകത്വം-തൊഴിലവസരങ്ങൾ സൃഷ്ടിയ്ക്കുവാനുള്ള സഹായം എന്ന പദ്ധതിയിലുൾപ്പെടുത്തി സർക്കാർ ധനസഹായം അനുവദിയ്ക്കുന്നത്. പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി 2020-21 സാമ്പത്തികവർഷം 400 ലക്ഷം രൂപ വകയിരുത്തിയിരുന്നു. 2021-22 സാമ്പത്തികവർഷം 300 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സുശക്തമായ പ്രൈമറി അഗ്രികൾച്ചർ ക്രെഡിറ്റ് സൊസൈറ്റികളെ തിരഞ്ഞെടുത്ത്, പ്രാദേശികമായി ലഭിക്കുന്ന കൃഷി ഉത്പന്നങ്ങളെ ആസ്പദമാക്കി ഉത്പാദന ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നതിനും കൃഷി അനുബന്ധ മേഖലയിലെ പ്രവർത്തികൾ ഏറ്റെടുക്കുക എന്നീ ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി നടത്തിപ്പിലൂടെ വിഭാവനം ചെയ്യുന്നത്. മൂല്യ വർദ്ധനവ്, പ്രോസസ്സിംഗ്, വിപണനം എന്നീ മേഖലകളിലാണ് ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നത്. ടി പദ്ധതിയിലുൾപ്പെടുത്തി നിലവിൽ പാലക്കാട് പാഡി പ്രൊക്യൂർമെന്റ് പ്രോസസിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘത്തിനാണ് ധനസഹായം അനുവദിച്ചിട്ടുണ്ട്. പാലക്കാട് പാഡി പ്രൊക്യൂർമെന്റ് പ്രോസസിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ പി 1449 (പാപ്കോസ്) സഹകരണ സംരംഭകത്വം-തൊഴിലവസരങ്ങൾ സൃഷ്ടിയ്ക്കുവാനുള്ള സഹായം എന്ന പദ്ധതിയിലുൾപ്പെടുത്തി പാലക്കാട് പാഡി പ്രൊക്യൂർമെൻറ് ആൻഡ് പ്രോസസ്സിംഗ് സഹകരണ സംഘത്തിന് ആധുനിക റൈസ് മില്ല് സ്ഥാപിയ്ക്കുന്നതിനും സംഭരണ കേന്ദ്രങ്ങൾ ആരംഭിയ്ക്കുന്നതിനുമായി സർക്കാർ ധനസഹായം |

| | | | |
|---|---|---|---|
| | | | അനുവദിച്ചു വരുന്നത്. പാലക്കാട് ജില്ലയിലെ നെൽകർഷകർ നേരിടുന്ന പ്രശ്നങ്ങൾക്ക് ശാശ്വതപരിഹാരം കണ്ടെത്തുകയെന്ന ലക്ഷ്യത്തോടുകൂടി ആരംഭിച്ചിട്ടുള്ള ടി പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി പാലക്കാട് ജില്ലയിൽ ആലത്തൂർ താലൂക്കിൽ കണ്ണമ്പ്ര -1 വില്ലേജിൽ മാങ്ങോട് എന്ന സ്ഥലത്ത് 27.66 ഏക്കർ സ്ഥലം വാങ്ങിയിട്ടുണ്ട്. പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ ചുമതല നബാർഡിന്റെ കൺസൾട്ടൻസി ഏജൻസിയായ NABCONSനെയാണ് ഏൽപ്പിച്ചിരിക്കുന്നത്. 75.04 കോടി രൂപയാണ് പദ്ധതിക്ക് ചെലവ് കണക്കാക്കുന്നത്. പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി സിവിൽ വർക്കിന്റെ ഇ-ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 2020-21 സാമ്പത്തികവർഷം സർക്കാർ ഓഹരിമൂലധനമായി 100 ലക്ഷം രൂപയും സബ്സിഡിയായി 100 ലക്ഷം രൂപയുമായി ആകെ 200 ലക്ഷം രൂപ സർക്കാർ ധനസഹായം അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ തുടർ നിർമ്മാണ പ്രവർത്തനത്തിന്റെ ആദ്യഘട്ടമെന്ന നിലയിൽ അരിയും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ സൂക്ഷിയ്ക്കുന്നതിനുമായി ഗോഡൗൺ നിർമ്മിയ്ക്കുന്നതിന് സർക്കാർ ഓഹരിമൂലധനമായി 100 ലക്ഷം രൂപയും സബ്സിഡിയായി 150 ലക്ഷം രൂപയുമായി ആകെ 250 ലക്ഷം രൂപ അനുവദിയ്ക്കുന്നതിന് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ